**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനം സ്വീകരിച്ച പുതിയ വായ്പകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ
ശ്രീ. എ. പ്രഭാകരൻ
ശ്രീ. പി. മമ്മിക്കുട്ടി
ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനം സ്വീകരിച്ച പുതിയ വായ്പകളുടെ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2026-27 സാമ്പത്തിക വർഷം മെയ് 31 വരെ സംസ്ഥാനം ആകെ 10749.96 കോടി രൂപയാണ് വായ്പയായി സ്വീകരിച്ചത്.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റ് പ്രകാരം ആകെ പദ്ധതി വിഹിതം 39,170.49 കോടി രൂപയാണ്. ഇതിൽ 2026 മെയ് മാസം വരെ 13985.95 കോടി രൂപ ചെലവായിട്ടുണ്ട്.

**(സി)** ക്ഷേമ പെൻഷൻ വിതരണത്തിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയും വിതരണം ചെയ്ത തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ക്ഷേമ പെൻഷൻ വിതരണത്തിനായി ഈ സാമ്പത്തിക വർഷം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ആകെ 3223.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഏപ്രിൽ, മെയ് മാസങ്ങളിലായി 2142.14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തെ പെൻഷൻ 24.06.2026 മുതൽ വിതരണം ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**